സർവ്വീസുകൾക്ക് പാരിപ്പള്ളിയിൽ നിലവിൽ സ്റ്റോപ്പുണ്ട്. പാരിപ്പള്ളിക്ക് അടുത്ത സ്റ്റേജുകൾ 15.2 കി.മീ. തെക്കുള്ള ആറ്റിങ്ങലും 7.4 കി.മീ. വടക്കുള്ള ചാത്തന്നൂരും ആണെന്നിരിക്കേ പാരിപ്പള്ളിയിൽ സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ അഴിമതി

72 (1271) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വ്യാജ ടിക്കറ്റും വ്യാജ വേബില്ലും വഴി വന്പിച്ച അഴിമതി നടന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം ക്രമക്കേടുകൾ നടത്തുന്ന ജീവനക്കാരുടെ മേൽ കർശന നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കൺസഷൻ ടിക്കറ്റ് കൗണ്ടറിൽ ജോലി നോക്കിയിരുന്ന ശ്രീ. എം. അശോകൻ എന്ന കണ്ടക്ടർ ജനുവരി മാസം 2003 മുതൽ അനധികൃതമായി 62 കൺസഷൻ ടിക്കറ്റുകൾ വിൽക്കുക വഴി 7,562 രൂപയുടെ (രൂപ ഏഴായിരത്തി അഞ്ഞൂറ്റി അറുപത്തി രണ്ട്) തിരിമറി നടത്തുകയുണ്ടായി.

(സി) ടി കണ്ടക്ടറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ കേരള സിവിൽ സർവ്വീസ് (സി.സി.എ.) 1960 റൂൾ 15 പ്രകാരം ടി കണ്ടക്ടർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം ക്രമക്കേടുകൾ നടത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകളിലെ വികലാംഗരുടെ സ്റ്റാളുകൾ

73 (1272) ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകളിൽ വികലാംഗർക്കുവേണ്ടി എത്ര സ്റ്റാളുകൾ നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly